# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി.ബി.പി- 328/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 28/03/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(എയിംസ് മുഖേന)
അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ), ആലപ്പുഴ
ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ-എ.എൽ.പി.ബി.പി- 328/2023 തീയ്യതി: 28/03/2023

## ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഹരികുമാർ ജി. | സീനിയർ ഡപ്യൂട്ടി ഡയറക്ടർ | 15-12-2022 | 21-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 15-12-2022 | 21-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സജിതാ ദാസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി സുഷ റ്റി.പിള്ള, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഉണ്ണികൃഷ്ണൻ സി., സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.രുഗ്മിണി രാജു | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.എസ്.ദീപു | സെക്രട്ടറി | 01-04-2021 | 14-07-2021 |
| ശ്രീ.ഐറിൻ ഗോമസ് | സെക്രട്ടറി | 15-07-2021 | 10-08-2021 |
| ശ്രീ.വിഷ്ണു മോഹൻ ദേവ് | സെക്രട്ടറി | 11-08-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ലേഖാ മോഹൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2021 | 31-03-2022 |
| ഡോ.സുനിൽ.ആർ | സിവിൽ സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.ജയശ്രീ.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. സനിത.എൽ | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ജലജ.പി | ശിശു വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഗീതാഞ്ജലി.എസ് | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.അശ്വതി.വി.ആർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക കണക്കുകൾ സംബന്ധിക്കുന്ന പരാമർശങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഗ്രാന്റുകളുടെ വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 10 | ബ്ലോക്ക് പഞ്ചായത്തിൽ വിവിധ ആവശ്യങ്ങൾക്കായി സമർപ്പിക്കപ്പെട്ട ഡിമാൻഡ് ഡ്രാഫ്റ്റുകൾ/ സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ യഥാസമയം അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്യാതെ കാലഹരണപ്പെട്ടു | 1-9 |
| 11 | ഇ-ടെണ്ടർ ഫീസ് - ബ്ലോക്ക് പഞ്ചായത്തിലേക്ക് ഒടുക്കേണ്ടതാണ് | 1-10 |
| 12 | ബ്ലോക്ക് പഞ്ചായത്ത് - കോമ്പൗണ്ട് വാൾ മെയിന്റനൻസ്, S0087/22 - ഡിസ്മാന്റിൽ ചെയ്ത സാധനങ്ങളുടെ ലേല നടപടികൾ സ്വീകരിച്ചിട്ടില്ല | 1-11 |
| 13 | പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ് പ്രവർത്തനം നിലച്ചു - 73 ലക്ഷം പാഴായി | 1-12 |
| 14 | ഡെയിലി വേജസ് -ഡ്രൈവറുടെ വേതനം -അവധി ദിനങ്ങളിലെ യാത്ര സാക്ഷ്യപ്പെടുത്തുന്നില്ല | 1-13 |
| 15 | ഫെസ്റ്റിവൽ അലവൻസ് -അർഹമായതിലും അധികം തുക അനുവദിച്ചു | 1-14 |
| 16 | ആംബുലൻസിന്റെ പ്രവർത്തനം- പ്രായോഗിക സമീപനം സ്വീകരിക്കേണ്ടതാണ് | 1-15 |
| 17 | വാഹനങ്ങളുടെ ഇൻഷുറൻസ് സംസ്ഥാന ഇൻഷുറൻസ് ഡിപ്പാർട്ട്മെന്റ് മുഖാന്തിരം പുതുക്കിയിട്ടില്ല | 1-16 |
| 18 | സ്കാനർ ലഭിച്ചില്ല - 14,138 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-17 |
| 19 | ആശ്രയ പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് നടത്തിയ ചെലവ് വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-18 |
| 20 | തുക മുൻകൂറായി നല്കി- പ്രിന്റർ ലഭിച്ചിട്ടില്ല | 1-19 |
| 21 | ചെലവ് രേഖകൾ അപൂർണ്ണം-തുക തടസ്സപ്പെടുത്തുന്നു | 1-20 |
| 22 | മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-21 |
| 23 | പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചിട്ടില്ല-പിഴ ഈടാക്കിയതിൽ കുറവ് | 1-22 |

| | | |
|---|---|---|
| 24 | എൽ.എസ്.ജി.ഡി ഓഫീസ് കോമ്പൗണ്ടിലെ കുളം നവീകരണം - ചെയ്ത പ്രവൃത്തികൾ സംരക്ഷിക്കപ്പെടുന്നില്ല | 1-23 |
| 25 | കാലിവീപ്പയുടെ വിലയോടൊപ്പം ഈടാക്കുന്ന ജി.എസ്.റ്റി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ല | 1-24 |
| 26 | ബ്ലോക്ക് ഓഫീസ് ക്യാന്റീൻ, തുടർ വിദ്യാ കേന്ദ്രം പുനരുദ്ധാരണം (S0062/22)- പ്രവൃത്തി പൂർത്തീകരിക്കാതെ പാർട്ട് ബിൽ നൽകി അവസാനിപ്പിച്ചു | 1-25 |
| 27 | ഭവന പദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നതിൽ കാലതാമസം | 1-26 |
| 28 | ജനറേറ്ററിനു വേണ്ടി വാങ്ങുന്ന ഡീസലിന്റെ വിശദാംശങ്ങളും ജനറേറ്ററിന്റെ പ്രവർത്തനവും സംബന്ധിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-27 |
| 29 | നിക്ഷേപ പ്രവർത്തികൾ-നിർവ്വഹണ ഏജൻസിയെ ഏൽപ്പിച്ച തുകയുടെ വിവരങ്ങൾ, പൂർത്തീകരണ വിവരങ്ങൾ എന്നിവ ബ്ലോക്ക് പഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല | 1-28 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചിട്ടില്ല-പിഴ ഈടാക്കിയതിൽ കുറവ് | 3-2 |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിലെ വിവരം | 4-7 |
| 8 | ചാർജ്ജ്, സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2021-2022 വർഷത്തെ ബജറ്റ് 22.02.21 ലെ നമ്പർ I(1) നം തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 73,91,02,600 | 73,82,21,000 |
| ഇൻകം ആന്റ് എക്സ്പെൻഡീച്ചർ പത്രിക പ്രകാരം | 6,11,97,327 | 5,96,00,401 |

യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു ബന്ധവുമില്ലാതെയാണ് ബജറ്റ് തയ്യാറാക്കുന്നത്. യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന ബജറ്റ് തയ്യാറാക്കുവാൻ ധനകാര്യസ്റ്റാന്റിങ് കമ്മറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

വാർഷിക ധനകാര്യ പത്രിക എയിംസിൽ 25.06.22 ൽ സമർപ്പിച്ചിട്ടുണ്ട്.

### 1-2-1 വാർഷിക കണക്കുകൾ സംബന്ധിക്കുന്ന പരാമർശങ്ങൾ

1) ഡെപ്പോസിറ്റ് പ്രവർത്തികളുടെ വിവരങ്ങൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുന്നില്ല

2020-21 വർഷം ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ താഴെ ചേർക്കുന്ന നിക്ഷേപപ്രവർത്തികൾക്കായി നൽകിയ തുക നിലവിലും പൂർത്തീകരിച്ചിട്ടില്ല.

| |
|---|
| എസ്0150/21, വിയപുരം കുടിവെള്ള നിർമ്മാണ പദ്ധതി |
| എസ്0151/21, കരുവാറ്റ കുഴൽ കിണർ നിർമ്മാണ പദ്ധതി |

എന്നാൽ ഇത് സംബന്ധിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുകയോ തുക വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2) സർക്കാരിലേക്ക് ഒടുക്കേണ്ട വിവിധ തുകകൾ ബ്ലോക്ക് പഞ്ചായത്ത് ലയബിലിറ്റി ഹെഡ്ഡിൽ ഉൾപ്പെടുത്തിയില്ല. RDDയുടെ പേരിലുണ്ടായിരുന്ന ജീപ്പിന്റെ ലേല തുക 39,680/- രൂപ, തൃക്കുന്നപ്പുഴ സി.എച്ച്.സിയുടെ പഴയ കെട്ടിടങ്ങൾ പൊളിച്ചതിന്റെ തുക(3,07,400 രൂപ) എന്നിവ ബ്ലോക്ക് പഞ്ചായത്ത് ലയബിലിറ്റി ഹെഡ്ഡിലല്ല ഉൾപ്പെടുത്തിയിരിക്കുന്നത്.

3) സ്റ്റോർ ബാലൻസായി ഉൾപ്പെടുത്തിയിരിക്കുന്നത് കോവിഡ് 19 മായി ബന്ധപ്പെട്ട് നടത്തിയ പർച്ചേസുകളാണ്. നിലവിൽ ഇവയെല്ലാം വിതരണം നടത്തിയിട്ടുള്ളവയാണ്.

4) ബാലൻസ് ഷീറ്റിൽ ഗുണഭോക്തൃവിഹിതമായി ഉൾപ്പെടുത്തിയിരിക്കുന്ന 62,025/- രൂപ എത് ആവശ്യത്തിന് കൈപ്പറ്റിയതാണെന്ന് വിശദീകരിക്കപ്പെട്ടില്ല. ഇത് മുൻവർഷങ്ങളിൽ വരവ് വന്ന തുകയാണ്.

5) ഇ.എം.എസ് ലോൺ സംബന്ധിച്ച കണക്കുകളും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്കുകൾ പ്രകാരം -1,89,146 രൂപയാണ് ഇ.എം.എസ്. ലോൺ ഇനത്തിൽ 31.03.2022 ലെ ബാധ്യത. എന്നാൽ പ്രീ-പെയിഡ് എക്സ്പെൻസ് ഹെഡ്ഡിൽ ഇത് 14,33,154/- രൂപയാണ്. ഫയൽ പ്രകാരം കുമാരപുരം സർവ്വീസ് സഹകരണബാങ്കിൽ 10,86,571/- രൂപയും കരുവാറ്റ വടക്ക് സർവ്വീസ് സഹകരണ ബാങ്കിൽ 78,719/- രൂപയും ഉൾപ്പെടെ 11,65,290/- രൂപയാണ് വർഷാരംഭത്തിലെ ലോൺ ബാധ്യത. തൻവർഷം 8,11,150 രൂപ ഒടുക്കിയതിനുശേഷം 31.3.22ലെ ബാധ്യത 3,54,140 രൂപയാണ്. കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

6) ഇ.എം.ഡി., എഫ്.ഡി. റീടെൻഷൻ തുടങ്ങി പഞ്ചായത്തിന്റെ പക്കലുള്ള ഡെപ്പോസിറ്റുകളുടെ വിവര സംക്ഷിപ്തം തയ്യാറാക്കി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. പണമാക്കി മാറ്റാത്ത, കാലഹരണപ്പെട്ട ഡിമാൻഡ് ഡ്രാഫ്റ്റ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നു.

7) ആസ്തി രജിസ്റ്റർ മൂല്യാധിഷ്ഠിതമായി തയ്യാറാക്കി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

8) ട്രഷറി അക്കൌണ്ടുകളുടെ റിക്കൺസിലിയേഷൻ പത്രിക തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

9) റിഡംപ്ഷൻ തുകയായി സർക്കാരിൽ നിന്നും തിരികെ ലഭിക്കേണ്ട തുകയിൽ നെഗറ്റീവ് സംഖ്യ ഉൾപ്പെട്ടിരിക്കുന്നു. കാരണം വിശദീകരിക്കപ്പെട്ടില്ല.

10) അദർ ലയബിലിറ്റിയായി ഉൾപ്പെടുത്തിയിരിക്കുന്ന VAT (350200202) ൽ നെഗറ്റീവ് സംഖ്യയാണ് ഉൾപ്പെടുന്നത്.

11) സിഎഫ്സി ഗ്രാന്റ് വരവ് തുകകൾ, എ.സി.ആർ., വാർഷിക കണക്കുകൾ എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6,93,07,555 |
| വരവ് | 6,22,35,510 |
| ആകെ | 13,15,43,065 |
| ചെലവ് | 6,88,02,480 |
| നീക്കിയിരിപ്പ് | 6,27,40,585 |
| വരവ് നഷ്ടം | ഇല്ല |
| ചെലവ് നഷ്ടം/ ഓഡിറ്റിൽ നിരാകരിച്ച തുക | 30,044 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 52,60,348 |

## 1-4 ഗ്രാന്റുകളുടെ വിനിയോഗം

ഗ്രാന്റുകളുടെ വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | തൻ വർഷ വരവ് | ചെലവ് | ലാപ്സായ തുക/നീക്കി ബാക്കി |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2,11,07,992 | 2,00,84,994 | 2,00,84,994 | 10,22,998 |
| വികസനഫണ്ട് എസ്.സി.പി. | 94,69,079 | 87,16,000 | 87,16,000 | 7,53,079 |
| വികസനഫണ്ട് ടി.എസ്.പി. | 1,14,000 | 1,14,000 | 1,14,000 | 0 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 28,77,673 | 67,99,063 | 67,99,063 | 10,78,610 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 58,67,240 | 58,67,240 | 57,92,677 | 74,563 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 63,37,923 | 63,37,923 | 45,59,518 | 37,60,649 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 114 | 6,76,41,468 | 90 | 5,14,21,810 | 3 | 21 | 78.9% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 5,74,105 | 5,74,105 | 5,74,105 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഈ വകുപ്പിൽ നിന്നുള്ള 2017-18 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകൾക്ക് മറുപടി തയ്യാറാക്കി നൽകിയിട്ടില്ല.

ഓഡിറ്റ് റിപ്പോർട്ടുകൾ ബ്ലോക്ക് കമ്മറ്റിയിൽ ചർച്ച ചെയ്യപ്പെടുന്നില്ല. ആയതിനാൽ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടികാട്ടുന്ന അപാകതകൾ പരിഹരിക്കപ്പെടുന്നില്ല.

2. ബ്ലോക്ക് കമ്മറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖപ്പെടുത്തലില്ല.

3. പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. വാർഷിക പദ്ധതി പ്രകാരമുള്ള പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതി കൃത്യമായ ഇടവേളകളിൽ അവലോകനത്തിന് വിധേയമാക്കുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റികളും, വർക്കിംഗ് ഗ്രൂപ്പുകളും തങ്ങൾക്ക് ചുമതലയുള്ള മേഖലകളിലെ പ്രോജക്ടുകളുടെ നിർവ്വഹണം ഫലപ്രദമായി മോണിട്ടറിംഗ് നടത്തുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

4. ക്ഷേമ കാര്യം, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സുകൾ യഥാസമയം ക്ലോസ് ചെയ്യുന്നില്ല.

5. തനത് വരുമാനം സൃഷ്ടിക്കുന്നതിനായി, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഫലപ്രദമായ ഇടപെടൽ നടത്തുന്നില്ല.

6. ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. സാംഖ്യാ സോഫ്റ്റ്‌വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ്, ഓഫീസ് ഫർണിഷിംഗ് ഉൾപ്പെടെ ആസ്തി സൃഷ്ടിക്കുന്ന പദ്ധതികൾ നടപ്പിലാക്കുമ്പോഴും ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

7. വിവിധ ഗ്രാമപഞ്ചായത്തുകളിലെ റോഡ് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നുണ്ടെങ്കിലും അതൊന്നും ഗ്രാമപഞ്ചായത്തിനെ അറിയിച്ച് അവരുടെ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. ബ്ലോക്കിന്റെ ചുതമലയിൽ പെടാത്ത ആസ്തികളിലാണ് കൂടുതൽ പ്രവൃത്തികളും എന്നതിനാൽ തന്നെ പുതിയതായി ആസ്തികൾ സൃഷ്ടിക്കപ്പെടുന്നില്ല.

ഉദാ : പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ്, റോഡ് പ്രവൃത്തികൾ

8. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിൽ ബിൽ നമ്പർ/തീയതി, വാങ്ങുന്ന സാധനങ്ങളുടെ കമ്പനി ഉൾപ്പെടെയുള്ള പൂർണ്ണ വിവരങ്ങൾ ഉൾപ്പെടുത്തുന്നില്ല. ക്ഷമതയുള്ള അധികാരികളുടെ സാക്ഷ്യപ്പെടുത്തലോടെ വാർഷിക സ്റ്റോക്ക് ബാലൻസ് പരിശോധന നടത്തുന്നില്ല.

9. കുടിവെള്ള പദ്ധതികൾക്കായി തുകകൾ നിക്ഷേപിക്കുന്നുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ച് ആസ്തിയായി മാറ്റപ്പെട്ടിട്ടില്ല.

10. പ്രൊക്യൂർമെന്റ് കമ്മറ്റി നിലവിലില്ല.

മേൽ ചേർത്ത അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-9 ബ്ലോക്ക് പഞ്ചായത്തിൽ വിവിധ ആവശ്യങ്ങൾക്കായി സമർപ്പിക്കപ്പെട്ട ഡിമാൻഡ് ഡ്രാഫ്റ്റുകൾ/ സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ യഥാസമയം അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്യാതെ കാലഹരണപ്പെട്ടു

ഓഡിറ്റിന്റെ ഭാഗമായി സെക്യൂരിറ്റി രജിസ്റ്റർ പരിശോധിച്ചതിൽ ബ്ലോക്ക് പഞ്ചായത്ത് വിവിധ കാലങ്ങളിൽ പ്രോജക്ട് നടത്തിപ്പിന്റെ ഭാഗമായി സ്വീകരിച്ചതും എന്നാൽ യഥാസമയം പണമാക്കി മാറ്റാത്തതുമായ മൂന്ന് ഡിമാൻഡ് ഡ്രാഫ്റ്റുകൾ കണ്ടെത്തി. വിശദവിവരം ചുവടെ ചേർക്കുന്നു.

| ബാങ്കിന്റെ പേര് | തുക | തീയതി | ഡി.ഡി നം. | |
|---|---|---|---|---|
| എസ്.ബി.ഐ.ഹരിപ്പാട് | 2,275 | 14.12.2011 | 132936 | എസ്.സി ഓഫീസർ, ബ്ലോക്ക് പഞ്ചായത്ത് |
| എസ്.ബി.ഐ.ഹരിപ്പാട് | 1,675 | 14.12.2011 | 132935 | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |
| സിൻഡിക്കേറ്റ് ബാങ്ക് പത്തനംതിട്ട | 14,632 | 25.02.2016 | 49978 | ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ |

കൂടാതെ രമേശ് എസ്., ശ്രീഭവൻ എന്നയാളുടെ പേരിൽ നിക്ഷേപിച്ചിട്ടുള്ള 500 രൂപയുടെ Fixed Deposit Receipt(A/C No-13960300196408 Dtd.03-08-2010)ഉം കണ്ടെത്തി. ടി FD Receipt ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേർക്ക് പ്ലഡ്ജ് ചെയ്ത് നൽകിയിട്ടുമുണ്ട്. ഏതെല്ലാം പ്രോജക്ടുകളുടെ ഭാഗമായാണ് ഈ തുകകൾ സ്വീകരിച്ചതെന്ന് വ്യക്തമല്ല. തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണെങ്കിൽ അപ്രകാരം ചെയ്യണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12 തീയതി 21.12.2022) ലഭ്യമാക്കിയ മറുപടിയിൽ ഡിമാന്റ് ഡ്രാഫ്റ്റുകളും പ്ലഡ്ജ് ചെയ്ത എഫ്.ഡി.യും റീ വാലിഡേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചതായി സെക്രട്ടറി രേഖാമൂലം അറിയിച്ചിട്ടുണ്ട്. നടപടികളുടെ പുരോഗതി അറിയിക്കേണ്ടതാണ്.

### 1-10 ഇ-ടെണ്ടർ ഫീസ് - ബ്ലോക്ക് പഞ്ചായത്തിലേക്ക് ഒടുക്കേണ്ടതാണ്

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓൺലൈൻ ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനായി ആരംഭിച്ച അക്കൗണ്ടിൽ (എസ്.ബി.ഐ- 74829) 19.12.22 ൽ 1,35,868/- രൂപ ടെണ്ടർ ഫീസിനത്തിൽ നീക്കിയിരുപ്പുണ്ട്. ഇ-ടെണ്ടർ ഫീസ് ഇനത്തിൽ നിലനിൽക്കുന്ന തുക ബ്ലോക്ക് പഞ്ചായത്ത് അക്കൌണ്ടിലേക്ക് ഒടുക്കേണ്ടതാണ്.

### 1-11 ബ്ലോക്ക് പഞ്ചായത്ത് - കോമ്പൗണ്ട് വാൾ മെയിന്റനൻസ്, S0087/22 - ഡിസ്മാന്റിൽ ചെയ്ത സാധനങ്ങളുടെ ലേല നടപടികൾ സ്വീകരിച്ചിട്ടില്ല

21-22 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് - കോമ്പൗണ്ട് വാൾ മെയിന്റനൻസ് എന്ന പ്രവൃത്തിയിൽ നീക്കം ചെയ്യപ്പെട്ടതും പുനരുപയോഗമുള്ളതുമായ സാധനങ്ങൾക്ക് താഴെ ചേർക്കും പ്രകാരം മൂല്യനിർണ്ണയം നടത്തി അസിസ്റ്റന്റ് എഞ്ചിനീയർ പഞ്ചായത്തിന് സർവ്വെ റിപ്പോർട്ട് കൈമാറിയിരുന്നു. സർവ്വെ റിപ്പോർട്ട് പ്രകാരമുള്ള മൂല്യനിർണ്ണയങ്ങളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| നീക്കം ചെയ്യപ്പെട്ട സാധനങ്ങളുടെ വിവരം | സർവ്വെ റിപ്പോർട്ട് പ്രകാരമുള്ള മൂല്യം |
|---|---|
| Dismantling Brick | 1113.84 |
| Dismantling Broken Stone | 3616.80 |
| | 4730.64 |

ലേല നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം, ഇതേ വരെയും ലേല നടപടികൾ സ്വീകരിച്ചിട്ടില്ലായെങ്കിൽ അതിന്റെ കാരണം എന്നിവ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(23/21-22) മറുപടി ലഭ്യമാക്കിയില്ല. ലേല നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-12 പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ് പ്രവർത്തനം നിലച്ചു - 73 ലക്ഷം പാഴായി

തൃക്കുന്നപ്പുഴ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പ്ലാസ്റ്റിക് റീസൈക്ലിംഗ് പ്രോജക്ടിനായി കോൺക്രീറ്റ് കെട്ടിടം ബ്ലോക്ക് പഞ്ചായത്ത് 2017-18, 2018-19 വർഷങ്ങളിൽ നിർമ്മിക്കുകയും 2019-20 ൽ പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് മെഷീൻ, ബയിലിംഗ് മെഷീൻ എന്നിവ സ്ഥാപിച്ച് നവംബർ 20 ൽ പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചിരുന്നുവെങ്കിലും ഒരു വർഷം പോലും പ്രവർത്തനം പൂർത്തിയാക്കിയില്ല. ഡിസംബർ 2021 ൽ ടി യൂണിറ്റിന്റെ പ്രവർത്തനം നിലച്ചു.



ടി പ്രവർത്തിക്കായി നാളിതുവരെ ചെലവഴിച്ച തുകയുടെ(ലഭ്യമായത്- ഓഡിറ്റ് റിപ്പോർട്ട്, 2018-19- ഖ.1-18, സുലേഖ ചെലവ് പത്രിക-2019-20 പ്രകാരം) വിശദാംശം താഴെ കൊടുക്കുന്നു.

| വർഷം | തുക | ചെലവിന്റെ വിശദാംശം |
|---|---|---|
| 2017-18, 2018-19 | 42,54,659 | കൾവർട്ട്, അപ്രോച്ച് റോഡ്, ഷെഡ് നിർമ്മാണം |
| 2019-2020 | 18,72,000 | ത്രീ ഫെയിസ് കണക്ഷൻ |
| 2019-2020 | 4,50,000 | ഹൈഡ്രോളിക് ബയിലിംഗ് മെഷീൻ |
| 2019-2020 | 4,00,000 | പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് മെഷീൻ |
| 2019-2020 | 2,00,000 | ഗ്രൈന്റിംഗ് മെഷീൻ, വേയിംഗ് മെഷീൻ |
| 2020-21 | 2,06,000 | വയബിലിറ്റി ഗ്യാപ്പ് ഫണ്ട്(ക്ലീൻ കേരള) |
| | 73,82,659 | |

(ഗ്രാമപഞ്ചായത്തുകളുടെ വിഹിതമായി ലഭിച്ച 54,61,299/- രൂപയിൽ 33,25,357/- രൂപ പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റിന്റെ ഭൗതിക സാഹചര്യം നിർമ്മ ിക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. )

പദ്ധതിയുടെ രൂപീകരണം, നിർവ്വഹണം, തുടർ നടത്തിപ്പ് എന്നിവയിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1) ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയായി മാറ്റപ്പെട്ടിട്ടില്ല

2017-18 സാമ്പത്തിക വർഷം തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥലം വിട്ടുകിട്ടിയതായി പറയുന്നുണ്ടെങ്കിലും അതുമായി ബന്ധപ്പെട്ട കമ്മറ്റി തീരുമാനം, ടി സ്ഥലത്തിന്റെ ആധാരത്തിന്റെ പകർപ്പ് എന്നിവയൊന്നും തന്നെ ഫയലിലില്ല. സ്ഥലം ബ്ലോക്ക് പഞ്ചായത്തിന്റെ പേരിൽ കൂട്ടാനുള്ള യാതൊരു നടപടികളും ഇതേ വരെയും സ്വീകരിച്ചിട്ടില്ല. നിർമ്മിച്ച കെട്ടിടം നിലവിൽ നിഷ്ക്രിയാവസ്ഥയിലുമാണ്.

2) പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റിന് മെഷിനറി വാങ്ങൽ

പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റിന് മെഷിനറി IRTC ൽ നിന്നും വാങ്ങുന്നതിനാണ് തീരുമാനമെടുത്തത്. എന്നാൽ പ്ലാസ്റ്റിക് റീസൈക്ലിംഗ് മെഷീൻ റെഡ് കാറ്റഗറിയിൽ ഉൾപ്പെട്ടതാണെന്നും മലിനീകരണം ഉണ്ടാകാൻ ഇടയാകുമെന്നും മലിനീകരണ നിയന്ത്രണ ബോർഡ് അറിയിച്ച സാഹചര്യത്തിൽ പ്ലാസ്റ്റിക് റീസൈക്ലിംഗ് മെഷിന് പകരം ക്ലീൻ കേരള മിഷനിൽ നിന്നും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ വാങ്ങുവാൻ തീരുമാനിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി തീരുമാനത്തിൽ നിന്നും വ്യത്യസ്തമായി പ്രകൃതി എന്ന സ്ഥാപനത്തിൽ നിന്നുമാണ് 2019-20 വർഷം പ്ലാസ്റ്റിക് ബയിലിംഗ് മെഷീനും ഷ്രെഡ്ഡിംഗ് മെഷീനും വാങ്ങിയിട്ടുള്ളത്. ഇപ്രകാരമൊരു സ്ഥാപനത്തെ തിരഞ്ഞെടുക്കുവാനുണ്ടായ കാരണം വ്യക്തമല്ല. ടി മെഷീന് ഉൽപ്പാദന ക്ഷമത കുറവാണെന്നും തുടർച്ചയായി കമ്പ്ലയിന്റുകൾ ഉണ്ടാകുന്നതായും ഹരിതസംഘാംഗങ്ങൾ പരാതി നൽകിയിട്ടുണ്ട്.



3) ഷ്രഡ്ഡിംഗ് യൂണിറ്റിന്റെ പ്രവർത്തനം

ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 17.10.20 ലെ 3(1)-ാം നമ്പർ തീരുമാന പ്രകാരം ഷ്രഡ്ഡിംഗ് യൂണിറ്റിന്റെ ദൈനം ദിന പ്രവർത്തനങ്ങൾക്കായി ഹരിതസംഘം മൈക്രോസംരംഭം എന്ന പേരിൽ ഒരു യൂണിറ്റ് രൂപീകരിച്ച് തൃക്കുന്നപ്പുഴ കുടുംബശ്രീ സി.ഡി.എസിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് ക്ലീൻ കേരള മിഷനുമായി 30.10.20 ൽ കരാറിലേർപ്പെട്ടിരുന്നു. കരാർ കാലയളവ് ഒരു വർഷമായിരുന്നു. നവംബർ 20 ൽ പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചിരുന്നുവെങ്കിലും ഡിസംബർ 2021 ൽ ടി യൂണിറ്റിന്റെ പ്രവർത്തനം നിലച്ചു. 29.11.21 ൽ കരാർ പുതുക്കിയിരുന്നുവെങ്കിലും ഒരു മാസം മാത്രമേ പ്രവർത്തനം നടന്നിട്ടുള്ളു. തൃക്കുന്നപ്പുഴ, കുമാരപുരം പഞ്ചായത്തുകളിലെ 4 പേര് ചേർന്നായിരുന്നു ഹരിതസംഘം മൈക്രോസംരംഭം ആരംഭിച്ചതെങ്കിലും നിലവിൽ രണ്ട് പേർ മാത്രമാണുള്ളതെന്ന് ടി ഗ്രൂപ്പിന്റെ മിനിറ്റ്സിൽ നിന്നും വ്യക്തമാവുന്നു. ബ്ലോക്കിന് സ്വന്തമായി ഹരിത കർമ്മസേനയില്ല. ക്ലീൻ കേരള എത്തിച്ചുകൊടുക്കുന്ന പ്ലാസ്റ്റിക്കുകൾ ഷ്രഡ് ചെയ്ത് കൈമാറുക എന്നതായിരുന്നു ഈ യൂണിറ്റിന്റെ പ്രവർത്തനം.

4) കരാർ പ്രകാരമുള്ള പല നടപടികളും സ്വീകരിച്ചിട്ടില്ല - വരവ് ചെലവ് കണക്കുകൾ തയ്യാറാക്കിയിട്ടില്ല

കരാർ നിബന്ധന 1(6) പ്രകാരം ആർ.ആർ.എഫിന്റെ സുഗമമായ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി ഇരു കക്ഷികളും ഓരോ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതും, നിബന്ധന 1(7) പ്രകാരം കളക്ഷൻ സെന്ററിൽ നിന്നും ആർ.ആർ.എഫിലേക്ക് എത്തിക്കുന്ന പ്ലാസ്റ്റിക്, ഇ-വേസ്റ്റ്, മറ്റ് അജൈവ മാലിന്യങ്ങളുടെ അളവ് എന്നിവ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും ടി കണക്കുകൾ ചുമതലയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇപ്രകാരം വരവ് ചെലവ് കണക്കുകൾ തയ്യാറാക്കിയിട്ടില്ല. ലാഭത്തിന്റെ 50% ക്ലീൻ കേരള കമ്പനി ബ്ലോക്ക് പഞ്ചായത്തിന് നൽകുന്നതാണെന്ന് കരാറിലുണ്ടെങ്കിലും വരവ് ചെലവുകൾ കൃത്യമായി കണക്കാക്കി ലാഭ-നഷ്ട കണക്കുകൾ ക്ലീൻ കേരള തിട്ടപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടില്ല.

4 ജീവനക്കാർക്കുള്ള വേതനമായി 1,62,797.45 രൂപ ക്ലീൻ കേരള, ഹരിതസംഘം മൈക്രോസംരംഭത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. ഇത് കൂടാതെ സ്ഥാപനത്തിന്റെ ഇലക്ട്രിസിറ്റി ചാർജ്ജ്, ക്ലീൻ കേരള ബ്ലോക്ക് പഞ്ചായത്തിന് കൈമാറുന്നുണ്ട്. എന്നാൽ ഇതിന്റെ വ്യക്തമായ കണക്ക് ലഭ്യമാക്കിയില്ല. വയബിലിറ്റി ഗ്യാപ്പ് ഫണ്ടും ക്ലീൻ കേരളക്ക് അനുവദിച്ചിട്ടുണ്ട്. വരവ് ചെലവുകൾ കൃത്യമായി കണക്കാക്കി ലാഭ-നഷ്ട കണക്കുകൾ ക്ലീൻ കേരള തയ്യാറാക്കി ബ്ലോക്കിന് കൈമാറിയിട്ടില്ല.

5) ഗ്രാമപഞ്ചായത്തുകളുമായി കരാർ ചമച്ചിട്ടില്ല

ബ്ലോക്ക് പരിധിയിലുള്ള ഏതൊക്കെ പഞ്ചായത്തുകളാണ് ഈ പദ്ധതിയുടെ ഭാഗമായിട്ടുള്ളതെന്ന് വ്യക്തമല്ല. ഗ്രാമപഞ്ചായത്തുകളുമായി കരാർ ചമച്ചിട്ടില്ല. എല്ലാ പഞ്ചായത്തുകളിലും ഹരിത കർമ്മസേനകൾ രൂപീകരിക്കുകയും പ്ലാസ്റ്റിക്കുകൾ നേരിട്ട് ക്ലീൻ കേരളക്ക് നൽകുകയും ചെയ്യുന്നുണ്ട്. ഏറ്റെടുക്കുന്ന പ്ലാസ്റ്റിക്കുകളുടെ വില ഇനത്തിൽ ലഭിക്കുന്ന തുക പഞ്ചായത്ത് തല ഹരിത കർമ്മസേന കൺസോർഷ്യത്തിന്റെ അക്കൗണ്ടിലേക്ക് ലഭിക്കുന്നുമുണ്ട്. കൂടാതെ പല പഞ്ചായത്തുകളിലും ഷ്രഡ്ഡിംഗ് യൂണിറ്റും (കുമാരപുരം) ആരംഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബ്ലോക്കിന്റെ ആർ.ആർ.എഫിലേക്ക് ഏതൊക്കെ പഞ്ചായത്തുകളിലെ പ്ലാസ്റ്റിക്കാണ് എത്തിക്കുക എന്നത് സംബന്ധിച്ച് കരാറിൽ തന്നെ വ്യക്തമാക്കേണ്ടതുണ്ട്.

6) ഷ്രഡഡ് പ്ലാസ്റ്റിക്കിന്റെ വിൽപ്പന നടന്നിട്ടില്ല - നിരക്ക് നിശ്ചയിച്ചിട്ടില്ല



ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് ക്ലീൻ കേരള മിഷൻ നൽകിയ കണക്ക് പ്രകാരം നവംബർ 20 മുതൽ ഡിസംബർ 21 വരെയുള്ള കാലയളവിൽ 11240.35 കിലോ ഷ്രഡഡ് പ്ലാസ്റ്റിക് ഉത്പാദിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇതെല്ലാം തന്നെ ടി കെട്ടിടത്തിൽ സൂക്ഷിച്ചിരിക്കുകയാണെന്ന് പ്രാദേശിക പരിശോധനയിലും ബോധ്യപ്പെട്ടു. ക്ലീൻ കേരള ഇതൊന്നും ഏറ്റെടുക്കുകയോ ഷ്രഡഡ് പ്ലാസ്റ്റിക് വിറ്റഴിക്കുകയോ ചെയ്തിട്ടില്ല. ഷ്രഡഡ് പ്ലാസ്റ്റിക്കിന്റെ നിരക്ക് നിശ്ചയിച്ചിട്ടുമില്ല.

7) ഷ്രഡ്ഡിംഗ് യൂണിറ്റിന്റെ പ്രവർത്തനം നിലച്ചു

ബ്ലോക്ക് പഞ്ചായത്ത് ക്ലീൻ കേരള മിഷനുമായി 30.10.20 ൽ ഏർപ്പെട്ട കരാറിന്റെ അടിസ്ഥാനത്തിൽ നവംബർ 20 ൽ പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചിരുന്നുവെങ്കിലും ഡിസംബർ 2021 ൽ ടി യൂണിറ്റിന്റെ പ്രവർത്തനം നിലച്ചു. കരാർ കാലയളവ് ഒരു വർഷമായിരുന്നു. 29.11.21 ൽ കരാർ പുതുക്കിയിരുന്നുവെങ്കിലും ഒരു മാസം മാത്രമേ പ്രവർത്തനം നടന്നിട്ടുള്ളൂ. ഡിസംബർ 2021 ന് ശേഷം നാളിതുവരെ പ്രവർത്തനം പുനരാരംഭിച്ചിട്ടില്ല.

യൂണിറ്റിന്റെ പ്രവർത്തനം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.3 തീയതി 15.12.22) മറുപടി ഹാജരാക്കിയില്ല. പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കൽ, മാലിന്യം കുറയ്ക്കൽ, സമ്പൂർണ്ണ ശുചിത്വം എന്നിവയായിരുന്നു പദ്ധതിയുടെ ലക്ഷ്യം. നിലവിലും പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല. പദ്ധതി ലക്ഷ്യം പൂർത്തീകരിക്കാൻ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ഡെയിലി വേജസ് -ഡ്രൈവറുടെ വേതനം -അവധി ദിനങ്ങളിലെ യാത്ര സാക്ഷ്യപ്പെടുത്തുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നിർവ്വഹണ അധികാരിയായ പ്രസിഡന്റിനുവേണ്ടി അവധി ദിനങ്ങളിൽ നടത്തുന്ന യാത്രകൾക്കും ദിവസ വേതന ഡ്രൈവർക്ക് വേതനം നൽകാവുന്നതാണ്. എന്നാൽ ഇപ്രകാരം ചെയ്യുന്ന യാത്രകൾക്ക് ബിൽ തയ്യാറാക്കുമ്പോൾ പ്രസിഡന്റിന്റെ സാക്ഷ്യപ്പെടുത്തൽ നിർബന്ധമായും ഉൾപ്പെടുത്തണം. എന്നാൽ സാക്ഷ്യപ്പെടുത്തലുകളില്ലാതെ ബിൽ മാറി നൽകുന്നതായി കാണുന്നു. സർക്കാർ ഉത്തരവ് GO (P) No.119/2019 /Fin Dtd 30.08.2019 പ്രകാരം 27 ദിവസത്തിലധികം ഔദ്യോഗിക കൃത്യനിർവ്വഹണം വഹിക്കേണ്ട സാഹചര്യം വരികയാണെങ്കിൽ മാത്രമാണ് അധിക വേതനത്തിനർഹത. ചില അവധി ദിനങ്ങളിൽ ഔദ്യോഗിക യാത്രകളില്ലാതിരുന്നിട്ടും ടി ദിവസങ്ങളിലെ ഹാജർ രേഖപ്പെടുത്തി ദിവസവേതനം നൽകിയതായി കാണുന്നു. ഉദാഹരണത്തിന് 2021 ഏപ്രിൽ മാസത്തെ ലോഗ് ബുക്ക് പ്രകാരം 11.04.21, 18.04.21 എന്നീ അവധി ദിവസങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് വാഹനത്തിന് (KL 29 F5176)യാത്ര ഉണ്ടായിരുന്നില്ല. എന്നാൽ ഈ ദിവസങ്ങളിൽ ഡ്രൈവറായ ശ്രീ.ജോബി ജോണിന് ദിവസവേതനം അനുവദിച്ചിട്ടുണ്ട്. 2021 മെയ് മാസത്തെ ലോഗ് ബുക്ക് പ്രകാരം 03.05.2021 (റംസാൻ), 08.05.2021 എന്നീ അവധി ദിവസങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് വാഹനത്തിന് (KL 29 F5176)യാത്ര ഉണ്ടായിരുന്നില്ല. എന്നാൽ ഈ ദിവസങ്ങളിൽ ഡ്രൈവറായ ശ്രീ.ജോബി ജോണിന് ദിവസവേതനം അനുവദിച്ചിട്ടുണ്ട്. ടിയാൾക്ക് നൽകിയിട്ടുള്ള അധിക ശമ്പളം ക്രമീകരിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-14 ഫെസ്റ്റിവൽ അലവൻസ് -അർഹമായതിലും അധികം തുക അനുവദിച്ചു

ദിവസവേതന അടിസ്ഥാനത്തിൽ ഡ്രൈവറായി ജോലി നോക്കുന്ന ശ്രീ.ജോബി ജോണിന് 2021-22 സാമ്പത്തികവർഷം ഫെസ്റ്റിവൽ അലവൻസ് എന്ന നിലയിൽ വൗച്ചർ നം.0109632 പ്രകാരം 2,750 രൂപ ടിയാളുടെ ബാങ്ക് അക്കൌണ്ടിലേക്ക് മാറി നൽകി. (FDRL0001861/18610100025796). സ.ഉ (അ)നം.115/2021/ധന തീയതി 13.08.2021 ഖണ്ഡിക 7(vi)പ്രകാരം ദിവസവേതനാടിസ്ഥാനത്തിലുള്ള ജീവനക്കാർക്ക് 1,210 രൂപ ഫെസ്റ്റിവൽ അലവൻസിനാണ് അർഹത. കൂടുതലായി നൽകിയ തുക 1,510/- രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ

അറിയിക്കേണ്ടതാണ്.

## 1-15 ആംബുലൻസിന്റെ പ്രവർത്തനം- പ്രായോഗിക സമീപനം സ്വീകരിക്കേണ്ടതാണ്

തൃക്കുന്നപ്പുഴ സി.എച്ച്.സിക്ക് എം.പി ഫണ്ടിൽ നിന്നും പണം മുടക്കി ലഭ്യമാക്കിയ ആംബുലൻസിന്റെ പരിപാലനം ബ്ലോക്ക് പഞ്ചായത്താണ് നടത്തുന്നത്. നിലവിൽ തൃക്കുന്നപ്പുഴ സി.എച്ച്.സിയിൽ എൻ.എച്ച്.എം മുഖാന്തിരം ഒരു ആംബുലൻസ് സർവ്വീസ് പ്രവർത്തനം നടത്തുന്നതിന് പുറമെയാണ് KL04AR7420 എന്ന ആംബുലൻസ് കൂടി പ്രവർത്തിക്കുന്നത്. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച നിരക്കിലാണ് വാഹനം സേവനം തുടങ്ങിയത്. എച്ച്.എം.സി.യിലേക്കാണ് പണം ഒടുക്കുന്നത്. ഇത് ആംബുലൻസ് ഡ്രൈവർ നേരിട്ട് കൈകാര്യം ചെയ്യുന്ന രീതിയിലുമാണ് നടപ്പിലാക്കപ്പെട്ടത്. ആംബുലൻസ് ഡ്രൈവറുടെ വേതനം, വാഹന ഇൻഷ്വറൻസ്, ഇന്ധന ചാർജ് എന്നിവയെല്ലാം ബ്ലോക്ക് പഞ്ചായത്തിന്റെ ബാധ്യതയാണ്. ഇതിനായി പ്രോജക്ട് ആവിഷ്കരിച്ച് ചെലവ് ചെയ്തിട്ടുമുണ്ട്. നിലവിൽ ഡ്രൈവറുടെ സേവനം ലഭ്യമല്ലാത്തതിനാൽ വാഹനം സർവ്വീസ് നടത്തുന്നില്ല. സി.എച്ച്.സി ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 3.01.2022 മുതൽ സേവനം അവസാനിപ്പിച്ച 24.11.22 വരെ 70,075 രൂപ വരവും 1,47,217/- രൂപ ചെലവും ഉണ്ടായിട്ടുണ്ട്. ആകെ 4830 കി.മീ ദൂരം വാഹനം ഓടിയതിൽ 850 കിലോ മീറ്റർ ബ്ലോക്ക് കമ്മിറ്റി തീരുമാന പ്രകാരം സൌജന്യമായി ഓടിയതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ പ്രത്യേകം രസീത് ബുക്ക് പ്രകാരം ആണ് യൂസർ ചാർജ് കളക്റ്റ് ചെയ്തിരുന്നത്. ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ആംബുലൻസ് സർവ്വീസ് സി.എച്ച്.സിക്ക് ആവശ്യമാണെങ്കിലും സേവനം പ്രായോഗികമായി കൈകാര്യം ചെയ്യുന്നതിൽ അധികൃതർ പരാജയപ്പെട്ടു എന്നു കാണാം. വരുമാനത്തിൽ നിന്നും ചെലവ് കണ്ടെത്തുന്ന രീതിയിൽ സേവനം നടത്തേണ്ടതും 24 മണിക്കൂർ സർവ്വീസ് നടത്തുന്നതിനുള്ള സാധ്യതകൾ ആരായേണ്ടതുമാണ്. മേൽ വിഷയത്തിലേക്ക് ബ്ലോക്ക് പഞ്ചായത്ത് സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 വാഹനങ്ങളുടെ ഇൻഷ്വറൻസ് സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ് മുഖാന്തിരം പുതുക്കിയിട്ടില്ല

സംസ്ഥാന സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വാഹനങ്ങളുടെ തേർഡ് പാർട്ടി ഇൻഷ്വറൻസ് കേരള സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ് മുഖേന മാത്രമെ പുതുക്കാവൂ എന്ന് സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ KL 29 F5176 എന്ന വാഹനത്തിന്റെ ഇൻഷ്വറൻസ് ന്യൂ ഇൻഡ്യ അഷ്വറൻസ് കമ്പനി മുഖാന്തിരമാണ് പുതുക്കിയത്. വാഹനത്തിന്റെ ഇൻഷ്വറൻസ് പുതുക്കുന്ന വേളയിൽ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-17 സ്കാനർ ലഭിച്ചില്ല - 14,138 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം./പേര് - എസ്0083/22 -തൃക്കുന്നപ്പുഴ സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ -52,884

ചെലവ് - 49,152/-

ബിൽ നം. 7/21-22/27.07.21 – 31,545 / -

20/21-22/28.07.21 – 3,469 /-

23/21-22/12.10.21 - 14,138 /-

നിർവ്വഹണം – മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., തൃക്കുന്നപ്പുഴ

തൃക്കുന്നപ്പുഴ സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ പദ്ധതിയിൽ ബിൽ നം.23/21-22/12.10.2021 പ്രകാരം പിൻവലിച്ച 14,138/- രൂപ സ്കാനർ വാങ്ങുന്നതിനായി കെൽട്രോണിന് കൈമാറിയിട്ടുണ്ട്. എന്നാൽ സ്കാനർ ലഭ്യമല്ലാത്തതിനാൽ തുക റീ ഫണ്ട് നല്കാമെന്ന് കെൽട്രോൺ കത്ത് മുഖേന അറിയിട്ടിട്ടുണ്ട് .

തുക തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.2/21-22/15.12 2022 ന് തുക ലഭിച്ചിട്ടില്ല എന്നും, ലഭ്യമാകുന്ന മുറയ്ക്ക് വികസന ഫണ്ടിൽ തിരിച്ചടയ്ക്കുന്നതാണെന്നും മറുപടി നല്കി. 14,138/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മുൻകൂറായി അടച്ചതും വിനിയോഗിക്കപ്പെടാതെ അവശേഷിക്കുന്നതുമായ തുക തിരികെ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-18 ആശ്രയ പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് നടത്തിയ ചെലവ് വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

പ്രോജക്റ്റ് നം.എസ്0044/22 ആശ്രയ – ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം

ആശ്രയ പദ്ധതിയുമായി ബന്ധപ്പെട്ട് ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് വീയപുരം, കരുവാറ്റ ഗ്രാമപഞ്ചായത്തുകളിലേക്ക് 2,50,000/- രൂപ ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ നം./തീയതി | തുക | പഞ്ചായത്തിന്റെ പേര് |
|---|---|---|
| 168/3.1.22 | 1,50,000 | വീയപുരം ഗ്രാമപഞ്ചായത്ത് |
| 286/08.3.22 | 1,00,000 | കരുവാറ്റ ഗ്രാമപഞ്ചായത്ത് |

വിനിയോഗസാക്ഷ്യപത്രം പ്രകാരം തുകകൾ 31 മാർച്ച് 22 ന മുൻപ് ചെലവഴിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ തുകകൾ കുടുംബശ്രീ CDS അക്കൌണ്ടിലേക്ക് മാറ്റി നൽകുക മാത്രമാണോ ചെയ്തത് അതോ പ്രോജക്റ്റ് ആവിഷ്കരിച്ച് നടപ്പിലാക്കിയോ എന്നുള്ള വിവരം പ്രോജക്റ്റിന്റെ വിശദാംശങ്ങൾ സഹിതം അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തുകൾ പ്രോജക്റ്റ് ആവിഷ്കരിച്ച് യഥാർത്ഥത്തിൽ തുകയുടെ വിനിയോഗം നടന്നിട്ടുണ്ടോയെന്നുള്ള വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്(ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.17 തീയതി 21.12.22).

### 1-19 തുക മുൻകൂറായി നല്കി- പ്രിന്റർ ലഭിച്ചിട്ടില്ല

പ്രോജക്റ്റ് നം. / പേര് - എസ്0102/22 -ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ

അടങ്കൽ - 75,000

ചെലവ് - 59,815

ബിൽ നം.10/12.11.21 – 20,018/ -

11/17.11.21 -39,797/-

നിർവ്വഹണം . എസ് സി ഡി ഒ

ബ്ലോക്ക് പട്ടിക ജാതി വികസന ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പദ്ധതിയ്ക്കായി കെൽട്രോണിൽ നിന്നുള്ള പ്രൊഫോമർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചിട്ടുണ്ട്.

| ഇൻവോയിസ് നം./തീയതി | തുക | ലഭിക്കേണ്ട ഉപകരണം |
|---|---|---|
| TVM/ITBG/P1/RC/31825/20-21/06.11.21 | 39,791 | ഡെസ്ക്ക് ടോപ്പ് |
| TVM/ITBG/P1/RC/31829/20-21/06.11.21 | 20,018 | മൾട്ടിപ്പർപ്പസ് സ്കാനർ |

തുക മുൻകൂറായി നല്കിയെങ്കിലും 30.04.2022 ന് മാത്രമേ പ്രിന്റർ ലഭ്യമാക്കാൻ സാധിക്കു എന്നും അല്ലായെങ്കിൽ തുക തിരികെ നല്കാം എന്നും കെൽട്രോൺ കത്ത് മുഖേന അറിയിച്ചിരുന്നു. ഓഡിറ്റ് കാലയളവ് വരെ (12/2022) പ്രിന്ററോ, തുകയോ ലഭിച്ചിട്ടില്ലാത്തതിനാൽ 20,018/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നം.15/21-22/19.12.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രിന്റർ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-20 ചെലവ് രേഖകൾ അപൂർണ്ണം-തുക തടസ്സപ്പെടുത്തുന്നു

2021 -22 ൽ സി ഡി പി ഒ നടപ്പാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികൾ സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല.

1. പ്രോജക്റ്റ് നം. / പേര് - എസ്0019/22 -ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്

അടങ്കൽ - 12,50,000

ചെലവ് -12,50,000

സുലേഖ ചെലവ് പത്രിക പ്രകാരം ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിക്കായി ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതമിനത്തിൽ 12,50,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഏതൊക്കെ ഗ്രാമ പഞ്ചായത്തുകളിലെ ഗുണഭോക്താക്കൾക്ക് എത്ര തുക വീതം നല്കി എന്നതിന്റെ വിവരം ലഭ്യമല്ല.

2. പ്രോജക്റ്റ് നം.എസ്0149/22-ഭിന്ന ശേഷിക്കാർക്ക് മുച്ചക്ര വാഹനം വാങ്ങി നല്കൽ

അടങ്കൽ - 3,75,000 (വികസന ഫണ്ട് )

125000(തനതു ഫണ്ട്)

500000

ചെലവ് -375000 (വികസന ഫണ്ട് )

12996 (തനതു ഫണ്ട്)

387996

ബിൽ നം.4/21-22 /27.03.22

ഭിന്ന ശേഷിക്കാർക്ക് മുച്ചക്ര വാഹനം വാങ്ങി നല്കൽ എന്ന പദ്ധതി പ്രകാരം 4 ഗുണഭോക്താക്കൾക്ക് സ്കൂട്ടർ വാങ്ങി നല്കിയിട്ടുണ്ട്.

1. ജയിംസ് എസ്., തുണ്ടിൽപ്പറമ്പിൽ, പള്ളിപ്പാട്

2. ലക്ഷ്മണൻ, കത്തേരിൽ പുത്തൻ വീട്, പള്ളിപ്പാട്

3. ഗോപകുമാർ, കളരിക്കൽ, കരുവാറ്റ

4. അൻസാർ ടി., കണ്ണോലിൽ, ചെറുതന

മേൽ ഗുണഭോക്താക്കൾ ഡ്രൈവിംഗ് ലൈസൻസ് എടുത്തതിന്റെ രേഖകൾ ഫയലിൽ ഇല്ല.

രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.10/21-22/19.12.2022 ന് മറുപടിയോ രേഖകളോ ലഭ്യമാക്കിയില്ല. മേൽ പ്രോജക്ടുകളിലെ ചെലവുകളെ സാധൂകരിക്കുന്ന രേഖകളുടെ അഭാവത്തിൽ 16,37,996/- (387996+ 1250000) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായ ചുവടെ ചേർക്കുന്ന പദ്ധതികളിൽ മരുന്ന് /ഉപകരണങ്ങൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

1. പ്രോജക്ട് നം./പേര് - എസ്0056/22 / ചെറുതന പി എച്ച് സി യിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ -5,50,000

ചെലവ് - 5,50,000

ബിൽ നം.18/21-22/28.09.2021-200000

22/21-22 / 12.11.2021 – 150000

46/21-22/18.03.2022- 200000

| പ്രൊഫോർമ ഇൻവോയിസ് നം. /തീയതി | തുക | ലഭിച്ച മരുന്ന് (തുക) | ലഭിക്കാനുള്ള മരുന്ന്(തുക) |
|---|---|---|---|
| 1770/19.08.2021 | 2,00,000 | 1,77,547 | 22,453 |
| 2256/24.09.2021 | 1,50,000 | 1,41,710 | 8,290 |
| 6771/10.03.2022 | 2,00,000 | 1,51,328 | 48,672 |
| ആകെ | | | 79,415 |

2. പ്രോജക്ട് നം./പേര് - എസ്0054/22 -തൃക്കുന്നപ്പുഴ സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ -15,58,906

ചെലവ് - 15,58,906

ബിൽ നം.17/21-22/28.09.2021-449999

21/21-22 / 28.09.2021- 50000

48/21-22/22.03.2022- 954315

53/21-22/31.03.2022-104592

| പ്രൊഫോർമ ഇൻവോയിസ് നം. /തീയതി | തുക | ലഭിച്ച മരുന്ന് (തുക) | ലഭിക്കാനുള്ള മരുന്ന്(തുക) |
|---|---|---|---|
| 1730/17.08.2021 | 4,49,999 | 3,00,254 | 1,49,745 |
| 6740/10.03.2022 | 9,54,315 | 5,98,088 | 3,56,227 |
| 7111/19.03.2022 | 1,04,592 | 81,783 | 22,809 |
| ആകെ | | | 5,28,781 |

മേൽ രണ്ടു പദ്ധതികളിലുമായി ആകെ 6,08,196/- രൂപയുടെ മരുന്ന് ലഭിക്കുവാനുണ്ട്.

മരുന്നുകൾ / ഉപകരണങ്ങൾ സമയബന്ധിതമായി ലഭിക്കതിരുന്നതിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.1/21-22/14.12.2022 ന് രണ്ടു മാസത്തിനുള്ളിൽ മരുന്ന് പൂർണ്ണമായും ലഭ്യമാക്കുമെന്ന് കെ.എം.സി.എൽ അറിയിച്ചതായി മറുപടി നല്കി.

തുക മുൻകൂറായി നല്കിയിട്ടും അതിന് അനുസൃതമായി മരുന്ന് ലഭിച്ചിട്ടില്ലാത്തതിനാൽ 6,08,196/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയിക്കേണ്ടതാണ്.

## 1-22 പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചിട്ടില്ല-പിഴ ഈടാക്കിയതിൽ കുറവ്

താഴെ ചേർക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചിട്ടില്ല. എന്നാൽ PWD മാനുവൽ അനുശാസിക്കും പ്രകാരമുള്ള പിഴ ഈടാക്കി കാലയളവ് ദീർഘിപ്പിച്ചിട്ടുമില്ല. പ്രവൃത്തിയുടെ അവസാനം ഫൈനൽ ബിൽ തുകയുടെ അടിസ്ഥാനത്തിൽ 1% പിഴ ഈടാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. PWD മാനുവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ കാലാവധി ദീർഘിപ്പിക്കുന്നതിന് PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹.2000/-, പരമാവധി ₹.100000/-) പരമാവധി 50% വരെ പിഴ ഈടാക്കി കാലാവധി ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ PWD മാനുവൽ അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടില്ല.

1) വാർഡ് 2 ലെ തൈക്കൂട്ടം നാലുകണ്ടം കാരത്തര റോഡ് നിർമ്മാണം

| | |
|---|---|
| കരാർ നം. | 21/AE/20-21/28.12.20 |
| കരാറുകാരൻ | റെജി ഡി. |
| എഗ്രീഡ്. പി.എ.സി | 446102.54 |
| ആകെ മൂല്യം | 445135.04 |
| തുക | 226919, Sl No.8/09.12.21<br>269207, Sl No.21/23.02.22 |
| എം ബുക്ക് നം. | 2/21-22 |

പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 4 മാസം ആയിരുന്നു. 28.12.20 ൽ കരാർ ചമച്ച പ്രവൃത്തിയുടെ ആദ്യ അളവ് രേഖപ്പെടുത്തിയത് തന്നെ 16.03.21 ആണ്. പൂർത്തീകരിച്ചതാവട്ടെ 17.02.22 ലും. കാലാവധി ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷ നൽകുകയോ അതിന്റെ അടിസ്ഥാനത്തിൽ പിഴ ഈടാക്കി കാലയളവ് ദീർഘിപ്പിക്കുകയോ ചെയ്തിട്ടില്ല.

PWD മാനുവൽ സെക്ഷൻ 2112ലെ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ശേഷം രണ്ടാം

പാർട്ട് ബില്ലിന്റെ 1% പിഴയായ 2,425 രൂപ കരാറുകാരനിൽ നിന്നും ഈടാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. പി.എ.സി യുടെ 3%, 13,383 രൂപ ഈടാക്കേണ്ടതിന് പകരമാണ് 2,425 രൂപ ഈടാക്കിയിട്ടുള്ളത്. പിഴ ഈടാക്കിയതിൽ 10,958 രൂപയുടെ കുറവ് ഉണ്ടായി.

2. ബ്ലോക്ക് പഞ്ചായത്ത് - കോമ്പൗണ്ട് വാൾ മെയിന്റനൻസ്, S0087/22

| | |
|---|---|
| എസ്റ്റിമേറ്റ് | 800000 |
| കരാർ നം. | 13/AE/07.10.20 |
| കരാറുകാരൻ | സജീവൻ |
| എഗ്രീഡ്. പി.എ.സി | 710374 |
| ആകെ മൂല്യം | 710064.34 |
| തുക | 376972, ബിൽ ക്രമ നം.3/11.08.21<br>414565, ബിൽ ക്രമ നം.38/31.03.22 |
| എം ബുക്ക് നം. | 25/20-21 |

07.10.20ൽ കരാർ ചമച്ച പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 5 മാസം ആയിരുന്നു. എന്നാൽ പ്രവൃത്തിയുടെ ആദ്യ അളവ് രേഖപ്പെടുത്തിയത് തന്നെ 04.02.21ലാണ്. അവസാന അളവ് 25.02.22 ലും. കാലാവധി ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷ നൽകുകയോ അതിന്റെ അടിസ്ഥാനത്തിൽ പിഴ ഈടാക്കി കാലയളവ് ദീർഘിപ്പിക്കുകയോ ചെയ്തിട്ടില്ല.

PWD മാനവൽ സെക്ഷൻ 2112 യിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ശേഷം സെക്കന്റ് ആന്റ് ഫൈനൽ ബില്ലിന്റെ 1% 3,735 രൂപ പിഴയായി കരാറുകാരനിൽ നിന്നും ഈടാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. പി.എ.സി യുടെ 3%, 21311 രൂപ ഈടാക്കേണ്ടതിന് പകരമാണ് 3,735 രൂപ ഈടാക്കിയിട്ടുള്ളത്. പിഴ ഈടാക്കിയതിൽ 17,576 രൂപയുടെ കുറവ് ഉണ്ടായി.

പിഴ ഈടാക്കിയതിൽ കുറവ് വന്ന 28,534 രൂപ (യഥാക്രമം 10958, 17576) കരാറുകാരിൽ നിന്നും ഈടാക്കി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-23 എൽ.എസ്.ജി.ഡി ഓഫീസ് കോമ്പൗണ്ടിലെ കുളം നവീകരണം - ചെയ്ത പ്രവൃത്തികൾ സംരക്ഷിക്കപ്പെടുന്നില്ല

പ്രോജക്ട് നം.എസ്0115/22

കരാർ നം. 11/AE/09.11.21

ചെലവിന്റെ വിശദാംശം - 384271(റോഡിതരം- ബിൽ നം.14/19.01.22)

എൽ.എസ്.ജി.ഡി ഓഫീസ് കോമ്പൗണ്ടിലെ കുളം നവീകരണം എന്ന പദ്ധതിയിൽ എക്സ്ട്രാ ഇനം.5 ആയി, Providing And Fixing Net Above Pond - 13kg@903.58=11746.54 എന്ന പ്രവൃത്തി ചെയ്തിട്ടുണ്ട്. എന്നാൽ സംരക്ഷണത്തിലെ വീഴ്ച കാരണം നെറ്റ് നിറയെ ഇല വീണ് മൂടിക്കിടക്കുന്ന അവസ്ഥയാണ്. ടി പ്രവൃത്തി സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/20.12.22) മറുപടി ഹാജരാക്കിയില്ല. ആസ്തി സംരക്ഷിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 കാലിവീപ്പയുടെ വിലയോടൊപ്പം ഈടാക്കുന്ന ജി.എസ്.റ്റി ബന്ധപ്പെട്ട വകുപ്പിൽ

ഒടുക്കിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിൽ നിർവ്വഹിക്കപ്പെടുന്ന വിവിധ ടാറിംഗ് പ്രവൃത്തികളുടെ ആകെ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയായി 18% ജി.എസ്.ടി ഉൾപ്പെടെ 238+18% = 281 രൂപ ഈടാക്കിയിരുന്നെങ്കിലും ജി.എസ്.ടി തുക ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/20.12.22), മറുപടി ഹാജരാക്കിയില്ല. ജി.എസ്.റ്റി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 ബ്ലോക്ക് ഓഫീസ് ക്യാന്റീൻ, തുടർ വിദ്യാ കേന്ദ്രം പുനരുദ്ധാരണം (S0062/22)- പ്രവൃത്തി പൂർത്തീകരിക്കാതെ പാർട്ട് ബിൽ നൽകി അവസാനിപ്പിച്ചു

എം ബുക്ക് നം. 6/21-22

കരാറുകാരൻ - ഷാജഹാൻ

കരാർ നം. 13/AE/21-22/15.11.21

പി.എ.സി - 407572.46

ചെലവഴിച്ച തുക - 3,51,683(ബിൽ നം.15/31.01.22)

എസ്റ്റിമേറ്റിലെ ഇനങ്ങളോടൊപ്പം എക്സ്ട്രാ ഇനം 1-5 കൂടി ഉൾപ്പെടുത്തി 3,51,683 രൂപ 1st And Part Bill/24.01.22 ആയി അനുവദിച്ചിരുന്നു. എന്നാൽ നാളിതുവരെ തുടർ പ്രവർത്തനങ്ങൾ നടത്തി ഫൈനൽ ബിൽ അനുവദിച്ചിട്ടില്ല.

പാർട്ട് ബില്ല് വാങ്ങിയെന്നും ബാക്കി പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുകയില്ലായെന്നും റീറ്റെൻഷൻ തിരികെ തരണമെന്നുമുള്ള കരാറുകാരന്റെ 29.06.22 ലെ കത്തിന്റെ അടിസ്ഥാനത്തിൽ 04.07.22 ലെ കമ്മറ്റിയിൽ തുക തിരികെ നൽകുവാനും പ്രവൃത്തി ക്ലോസ് ചെയ്യുന്നതിനും തീരുമാനിച്ചിരുന്നു. 04.07.22 ലെ ജനറൽ കമ്മറ്റി തീരുമാനം 2(3) പ്രകാരമാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുള്ളത്. പാർട്ട് ബില്ലിൽ നിന്നും റീറ്റൻഷൻ ഇനത്തിൽ കുറവ് ചെയ്ത തുക 22-23 ൽ അനുവദിച്ചു. എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് മുൻപ് തന്നെ എക്സ്ട്രാ ഇനങ്ങൾക്ക് തുക ചെലവഴിച്ചിരിക്കുന്നു. പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരന്റെ റിറ്റൻഷൻ തിരികെ നൽകിയതിന്റെ കാരണം വിശദീകരിച്ചിട്ടില്ല. മേൽ ചേർത്ത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.21/20.12.22) മറുപടി ഹാജരാക്കിയില്ല. എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് മുൻപ് തന്നെ എക്സ്ട്രാ ഇനങ്ങൾക്കായി ചെലവഴിച്ച തുക 14,325 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

Ex 1- 3724.40

Ex 2- 3541.88

Ex 3-645.76

Ex 4-1486.44

Ex 5-4926.74

## 1-26 ഭവന പദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നതിൽ കാലതാമസം

ഐ എ വൈ /പി എം എ വൈ പദ്ധതികൾ മുഖേന ലക്ഷ്യം വച്ചിട്ടുള്ള ഭവന നിർമ്മാണങ്ങൾ സമയ ബന്ധിതമായി പൂർത്തീകരിക്കപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ലക്ഷ്യം വച്ചിട്ടുള്ള ആകെ ഭവന നിർമ്മാണങ്ങൾ | ലക്ഷ്യം കൈവരിച്ചവയുടെ എണ്ണം | ഭാഗികമായി മാത്രം പൂർത്തിയാക്കിയവ സംബന്ധിച്ച വിവരം | | ഭാഗികമായി മാത്രം പൂർത്തീകരിച്ചവയിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം |
|---|---|---|---|---|---|
| | | | ഗുണഭോക്താവിന്റെ പേര് | നല്കിയിട്ടുള്ള തുക | |
| 2016-2020 | 195 | 153 | മധുസൂദനൻ, തുണ്ടിൽ | 48,00 | റവന്യൂ റിക്കവറി നടപടികൾ നടന്നു വരുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | സുഭഗൻ, കൈതച്ചിറയിൽ | 1,23,000 | റവന്യൂ റിക്കവറി നടപടികൾ നടന്നു വരുന്നു. |
| | | | മനോജ് കുമാർ, പുതുവേലിൽ | 48,000 | റവന്യൂ റിക്കവറി നടപടികൾ നടന്നു വരുന്നു. |
| | | | ലത, വിശാഖ് വനം | 1,60,000 | വീട് പണി പുരോഗതിയിലാണ്. |
| | | | വിജയമ്മ, തയ്യിൽ കോളനി | 3,56,000 | വീട് പണി പുരോഗതിയിലാണ്. |
| | | | സുഭദ്ര, പുതുപറമ്പിൽ | 1,46,000 | വീട് പണി പുരോഗതിയിലാണ്. |
| 2021-22 | 127 | 114 | കരാർ വച്ച 114 പേരിൽ 54 പർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ബാക്കിയുള്ള ഗുണഭോക്താക്കളുടെ വീട് പണി പുരോഗതിയിലുമാണ്. | | |

ഗുണഭോക്താക്കൾ സമയ ബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിയും ഉറപ്പ് വരുത്തേണ്ടതും പ്രവൃത്തി പൂർത്തീകരിക്കാത്തവരിൽ നിന്നും തുക ഈടാക്കുവാൻ റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം.4/17.12.2022 നുള്ള മറുപടി പ്രകാരം തയ്യാറാക്കിയത്)

## 1-27 ജനറേറ്ററിനു വേണ്ടി വാങ്ങുന്ന ഡീസലിന്റെ വിശദാംശങ്ങളും ജനറേറ്ററിന്റെ പ്രവർത്തനവും സംബന്ധിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്ത് എല്ലാ മാസവും ജനറേറ്ററിനായി ഡീസൽ പർച്ചേസ് നടത്തുന്നുണ്ട്. ശരാശരി 50 ലിറ്റർ ഡീസൽ ബ്ലോക്ക് പഞ്ചായത്ത് വാങ്ങുന്നുണ്ടെങ്കിലും പർച്ചേസിന്റെ വിവരങ്ങളോ ജനറേറ്ററിന്റെ ഉപയോഗമോ സംബന്ധിച്ച് ഒരു ലോഗ് ബുക്ക് സൂക്ഷിച്ചിട്ടില്ല. എത്രമാത്രം ഡീസൽ ചെലവാകുന്നു എന്നത് സംബന്ധിച്ച് യാതൊരുവിധ കണക്കുകളും സൂക്ഷിച്ചിട്ടില്ല. ലോഗ് ബുക്ക് സൂക്ഷിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.7/17.12.22) മറുപടി ലഭ്യമാക്കിയില്ല. ജനറേറ്ററിന് എ.എം.സി എടുത്തിട്ടുണ്ട്. എന്നാൽ എ.എം.സി സംബന്ധിക്കുന്ന വിവരങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ജനറേറ്ററിന്റെ ലോഗ് ബുക്ക് തയ്യാറാക്കി ജനറേറ്റർ സംബന്ധിക്കുന്ന വിശദാംശങ്ങൾ (ഡീസൽ, റിപ്പെയർ, എ.എം.സി തുടങ്ങിയവ) എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-28 നിക്ഷേപ പ്രവർത്തികൾ-നിർവ്വഹണ ഏജൻസിയെ ഏൽപ്പിച്ച തുകയുടെ വിവരങ്ങൾ, പൂർത്തീകരണ വിവരങ്ങൾ എന്നിവ ബ്ലോക്ക് പഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല

നിർവ്വഹണ ഏജൻസികളുടെ പക്കൽ പ്രവൃത്തികൾക്കായി പണം നിക്ഷേപിക്കുമ്പോൾ വർഷങ്ങളോളം പണം നിക്ഷേപമായി മാത്രം തുടരുന്ന സ്ഥിതിവിശേഷമുണ്ട്. തുടരന്വേഷണങ്ങളില്ലാത്തത് കാരണം വർഷങ്ങളോളം നിക്ഷേപം അങ്ങനെ തന്നെ തുടരുകയും മറ്റ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ വീണ്ടും ഇതിനായി പണം മുടക്കുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്യാറുണ്ട്. ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് വിവിധ വർഷങ്ങളിലായി ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കേരള വാട്ടർ അതോറിറ്റി എന്നിവയിൽ ഒടുക്കിയ പണത്തിന്റെ വിവരം ചുവടെ ചേർക്കുന്നു. (ലഭ്യമാക്കിയ കണക്കുകൾ പ്രകാരം) കണക്കുകളിൽ മുൻകൂർ എന്ന നിലക്ക് തുകയുടെ ചെലവ് ഉൾപ്പെടുത്താത്തത് കാരണം തുകയുടെ കൃത്യത പരിശോധിച്ചുറപ്പാക്കാനായില്ല.

| പ്രോജക്ട് നം. | നിർവ്വഹണ ഏൻസിയുടെ പേര് | തുക | തുക ഒടുക്കിയ വർഷം | ചെലവ് | മറ്റ് വിവരങ്ങൾ |
|---|---|---|---|---|---|
| പ്രോജക്ട് നം-എസ്0103/18 | കേരള വാട്ടർ അതോറിറ്റി | 14,33,000 | 2017-18 | ചെലവ് സംബന്ധിക്കുന്ന വിവരങ്ങൾ ഇല്ല | വാർഷിക കണക്കുകളിൽ 460300201 എന്ന |

| | | | | | |
|---|---|---|---|---|---|
| | | | | | ഹെഡ്ഡിൽ ഉൾപ്പെടുന്ന |
| എസ്0150/21, വിയപുരം കുടിവെള്ള നിർമ്മാണ പദ്ധതി | ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 16,50,000 | 2020-21 | ചെലവ് സംബന്ധിക്കുന്ന വിവരങ്ങൾ ഇല്ല | വാർഷിക കണക്കുകളിൽ മുൻകൂറായി ഉൾപ്പെടുന്നില്ല |
| എസ്0151/21, കരുവാറ്റ കുഴൽ കിണർ നിർമ്മാണ പദ്ധതി | ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 17,13,201 | 2020-21 | ചെലവ് സംബന്ധിക്കുന്ന വിവരങ്ങൾ ഇല്ല | വാർഷിക കണക്കുകളിൽ മുൻകൂറായി ഉൾപ്പെടുന്നില്ല |
| പ്രോജക്ട് നം-എസ്0078/22 മിനി കുടിവെള്ള പദ്ധതി വാർഡ് 3 കരുവാറ്റ | ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 16,00,000 | 2021-22 | ചെലവ് സംബന്ധിക്കുന്ന വിവരങ്ങൾ ഇല്ല | വാർഷിക കണക്കുകളിൽ 460600103 എന്ന ഹെഡ്ഡിൽ ഉൾപ്പെടുന്ന |
| പ്രോജക്ട് നം.എസ്0079/22 മിനി കുടിവെള്ള പദ്ധതി വാർഡ് 1 കുമാരപുരം | ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 13,20,000 | 2021-22 | ചെലവ് സംബന്ധിക്കുന്ന വിവരങ്ങൾ ഇല്ല | വാർഷിക കണക്കുകളിൽ 460600103 എന്ന ഹെഡ്ഡിൽ ഉൾപ്പെടുന്ന |
| പ്രോജക്ട് നം.എസ്0129/22 കരുവാറ്റ മിനി കുടിവെള്ള പദ്ധതിക്ക് അധിക തുക | ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 60,000 | 2021-22 | ചെലവ് സംബന്ധിക്കുന്ന വിവരങ്ങൾ ഇല്ല | വാർഷിക കണക്കുകളിൽ മുൻകൂറായി ഉൾപ്പെടുന്നില്ല |

നിർവ്വഹണ ഏജൻസികൾക്ക് കത്ത് നൽകി മുൻകൂർ നിക്ഷേപിക്കപ്പെട്ട തുകയുടെ കണക്കുകൾ പൂർണ്ണമാക്കി, പ്രവർത്തികളുടെ തുടർ നിരീക്ഷണം നടത്തേണ്ടതും പുരോഗതി വിവരങ്ങൾ ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്. ഇതേ വരെയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത സാഹചര്യത്തിൽ തൻവർഷ ചെലവ് തുക 29,80,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-2 പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചിട്ടില്ല-പിഴ ഈടാക്കിയതിൽ കുറവ്

താഴെ ചേർക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചിട്ടില്ല. എന്നാൽ PWD മാനവൽ അനുശാസിക്കും പ്രകാരമുള്ള പിഴ ഈടാക്കി കാലയളവ് ദീർഘിപ്പിച്ചിട്ടുമില്ല. പ്രവൃത്തിയുടെ അവസാനം ഫൈനൽ ബിൽ തുകയുടെ അടിസ്ഥാനത്തിൽ 1% പിഴ ഈടാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. PWD മാനവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ കാലാവധി ദീർഘിപ്പിക്കുന്നതിന് PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹.2000/-, പരമാവധി ₹.100000/-) പരമാവധി 50% വരെ പിഴ ഈടാക്കി കാലാവധി ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ PWD മാനവൽ അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടില്ല.

1) വാർഡ് 2 ലെ തൈക്കൂട്ടം നാലുകണ്ടം കാരത്തറ റോഡ് നിർമ്മാണം

| | |
|---|---|
| കരാർ നം. | 21/AE/20-21/28.12.20 |

| | |
|---|---|
| കരാറുകാരൻ | റെജി ഡി. |
| എഗ്രീഡ്. പി.എ.സി | 446102.54 |
| ആകെ മൂല്യം | 445135.04 |
| തുക | 226919, Sl No.8/09.12.21<br>269207, Sl No.21/23.02.22 |
| എം ബുക്ക് നം. | 2/21-22 |

പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 4 മാസം ആയിരുന്നു. 28.12.20 ൽ കരാർ ചമച്ച പ്രവൃത്തിയുടെ ആദ്യ അളവ് രേഖപ്പെടുത്തിയത് തന്നെ 16.03.21 ആണ്. പൂർത്തീകരിച്ചതാവട്ടെ 17.02.22 ലും.

കാലാവധി ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷ നൽകുകയോ അതിന്റെ അടിസ്ഥാനത്തിൽ പിഴ ഈടാക്കി കാലയളവ് ദീർഘിപ്പിക്കുകയോ ചെയ്തിട്ടില്ല.

PWD മാനവൽ സെക്ഷൻ 2112ലെ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ശേഷം രണ്ടാം പാർട്ട് ബില്ലിന്റെ 1% പിഴയായ 2,425 രൂപ കരാറുകാരനിൽ നിന്നും ഈടാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. പി.എ.സി യുടെ 3%, 13383 രൂപ ഈടാക്കേണ്ടതിന് പകരമാണ് 2,425 രൂപ ഈടാക്കിയിട്ടുള്ളത്. പിഴ ഈടാക്കിയതിൽ 10958രൂപയുടെ കുറവ് ഉണ്ടായി.

2. ബ്ലോക്ക് പഞ്ചായത്ത് - കോമ്പൗണ്ട് വാൾ മെയിന്റനൻസ്, S0087/22

| | |
|---|---|
| എസ്റ്റിമേറ്റ് | 800000 |
| കരാർ നം | 13/AE/07.10.20 |
| കരാറുകാരൻ | സജീവൻ |
| എഗ്രീഡ്. പി.എ.സി | 710374 |
| ആകെ മൂല്യം | 710064.34 |
| തുക | 376972, ബിൽ ക്രമ നം.3/11.08.21<br>414565, ബിൽ ക്രമ നം.38/31.03.22 |
| എം ബുക്ക് നം. | 25/20-21 |

07.10.20 ൽ കരാർ ചമച്ച പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 5 മാസം ആയിരുന്നു. എന്നാൽ പ്രവൃത്തിയുടെ ആദ്യ അളവ് രേഖപ്പെടുത്തിയത് തന്നെ 04.02.21ലാണ്. അവസാന അളവ് 25.02.22 ലും. കാലാവധി ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷ നൽകുകയോ അതിന്റെ അടിസ്ഥാനത്തിൽ പിഴ ഈടാക്കി കാലയളവ് ദീർഘിപ്പിക്കുകയോ ചെയ്തിട്ടില്ല.

PWD മാനവൽ സെക്ഷൻ 2112 യിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ശേഷം സെക്കന്റ് ആന്റ് ഫൈനൽ ബില്ലിന്റെ 1% 3,735 രൂപ പിഴയായി കരാറുകാരനിൽ നിന്നും ഈടാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. പി.എ.സി യുടെ 3%, 21,311 രൂപ ഈടാക്കേണ്ടതിന് പകരമാണ് 3,735 രൂപ ഈടാക്കിയിട്ടുള്ളത്. പിഴ ഈടാക്കിയതിൽ 17,576 രൂപയുടെ കുറവ് ഉണ്ടായി.

പിഴ ഈടാക്കിയതിൽ കുറവ് വന്ന 28,534 രൂപ (യഥാക്രമം 10958, 17576) കരാറുകാരിൽ നിന്നും ഈടാക്കി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | കരുവാറ്റ കുഴൽ കിണർ നിർമ്മാണം | | 17,50,000 | 0 | 17,50,000 |
| ഭൂജല വകുപ്പ് | വീയപുരം കുഴൽ കിണർ നിർമ്മാണം | | 16,50,000 | 0 | 16,50,000 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് | വായ്പ തുക | വർഷാരംഭത്തിൽ ഒടുക്കുവാൻ ബാക്കിയുള്ള തുക | നിരാകരിച്ച തുക | തിരിച്ചടക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| ഇ.എം.എസ്.ഭവനനിർമ്മാണം | ജി.ഒ.(പി)നം.177/66 /ഫിൻ തീയതി 12.4.06 | 94,14,571 | 6,22,004 | 8,11,150 | - 1,89,146 |

വാർഷിക കണക്കുകൾ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് 1,89,146 രൂപ കൂടുതലായി സഹകരണ ബാങ്കുകളിലേക്ക് ഒടുക്കി. രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബ്ലോക്ക് പഞ്ചായത്ത് ലോണിനത്തിൽ എടുത്ത തുകയുടെയും 2020-21 വരെ ഒടുക്കിയ തുകയുടെയും കൃത്യത പരിശോധിക്കാനായില്ല. അധികമായി തുക ഒടുക്കിയിട്ടുള്ള പക്ഷം തുക 1,89,146 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയുടെ ബാധ്യതയാകുന്നതാണ്. ഇത് സംബന്ധിച്ച കണക്കുകൾ കൃത്യമാക്കി രേഖാമൂലം ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.(ഖണ്ഡിക 1-2-1(5) കാണുക)

### 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-7 സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിലെ വിവരം

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3.13 | 2007-08 | 3.30 | സർക്കാർ ഉത്തരവിന് വിരുദ്ധമായി കൺവീനർ മുഖേന വേല നിർവ്വഹിച്ചു | സമിതിയുടെ പരിഗണനയിൽ |

## 4-8 ചാർജ്ജ്, സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 13,15,43,065 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,88,02,480 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 30,044 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 52,60,348 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-14 | | 1,510 | ശ്രീ.വിഷ്ണു മോഹൻ ദേവ്, സെക്രട്ടറി |
| 1-22 | | 28,534 | ശ്രീമതി ജയശ്രീ ആർ., അസിസ്റ്റന്റ് എൻജിനീയർ |
| ആകെ | | 30,044 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേര്, ഉദ്യോഗപ്പേര് |
|---|---|---|
| 1-28 | 29,80,000 | ശ്രീ.വിഷ്ണു മോഹൻ ദേവ്, സെക്രട്ടറി |
| 1-17 | 14,138 | ഡോ.സുനിൽ ആർ., മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 1-19 | 20,018 | ശ്രീ.സനിത എൽ., എസ്.സി.ഡി.ഒ |
| 1-20 | 16,37,996 | ശ്രീമതി ജലജ പി., സി.ഡി.പി.ഒ |
| 1-21 | 6,08,196 | ഡോ.സുനിൽ ആർ., മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| | 52,60,348 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സനിത എൽ., പട്ടികജാതി വികസന ഓഫീസർ | പട്ടിക ജാതി വികസന ഓഫീസർ, ബ്ലോക്ക് പഞ്ചായത്ത്, ഹരിപ്പാട് ബ്ലോക്ക് | അറയ്ക്കൽ ഹൌസ്, എസ്.എൽ.പുരം പി.ഒ., ചേർത്തല, ആലപ്പുഴ-688523 |
| ശ്രീ.വിഷ്ണു മോഹൻ ദേവ്, സെക്രട്ടറി | സെക്രട്ടറി, ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് | മഹേഷ് ഭവനം, ആറ്റിങ്കൽ പി.ഒ. |
| ശ്രീമതി ജയശ്രീ ആർ., അസിസ്റ്റന്റ് എൻജിനീയർ | വിരമിച്ചു. | അയനം, അകംകടി പി.ഒ., നങ്ങ്യാർകുളങ്ങര, ആലപ്പുഴ |
| ഡോ.സുനിൽ ആർ., മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി തൃക്കുന്നപ്പുഴ | അമ്പിളി ഭവൻ മഹാദേവികാട് പി.ഒ., കാർത്തികപ്പള്ളി |
| ശ്രീമതി ജലജ പി., സി.ഡി.പി.ഒ | സി.ഡി.പി.ഒ ഹരിപ്പാട് ബ്ലോക്ക് | BRN 138/ആശീർവാദ് മാടൻനട, തെക്കേവിളാകം-691016, കൊല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1995-96 മുതൽ 2005-06 വരെ | എൽ.എഫ്.എ.ബി.പി/1477/10/06.12.10 |
| 2006-07 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ.5-ബിപി അദാലത്ത് 26(75), (76), (77), (77(i)/14 തീയതി. 31.03.2014 |
| 2010-11 | എൽ.എഫ്.എ.ബി.പി/1382/11/07.06.2012 |
| 2011-12 | എൽ.എഫ്.എ.ബി.പി/10/2013/06.02.2013 |
| 2012-13 | എൽ.എഫ്.എ.ബി.പി/150/2015/18.02.2015 |
| 2013-14 | എൽ.എഫ്.എ.ബി.പി/719/2015/03.07.2015 |
| 2014-15, 2015-16 | കെ.എസ്.എ-എ.എൽ.പി/ബി.പി-242/2017/15.03.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/ബി.പി-306/11/07.12.2011 |
| 2017-2018 | കെ.എസ്.എ-എ.എൽ.പി/ബി.പി-/117/19/08.02.2019 |
| 2018-19 | കെ.എസ്.എ- എ.എൽ.പി.167/2020/28.01.20 |

| | |
|---|---|
| 2019-20 | കെ.എസ്.എ-എ.എൽ.പി/ബി.പി-/710/2022/12.07.2022 |
| 2020-21 | കെ.എസ്.എ-എ.എൽ.പി/ബി.പി-/711/2022/12.07.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്